പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം 299 | 20/06/2018 ൽ മറുപടി നല്കേണ്ടത്. |

## ഭക്ഷ്യ സുരക്ഷ പരിശോധന കാര്യക്ഷമമായി നടത്തുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.എഫ്.തോമസ്**<br>**ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മുഴുവൻ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്കും 2006 ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമത്തിൽ അനുശാസിക്കുന്ന ലൈസൻസോ രജിസ്ട്രേഷനോ നിർബന്ധമുണ്ടോ; രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നവരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | എ) | 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം അനുശാസിക്കും പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ ഉത്പാദനം, സംഭരണം, വിതരണം, വിപണനം എന്നീ വൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ 12 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ളവ വിവിധ സ്ലാബുകൾ അനുസരിച്ച് 2000/- രൂപ മുതൽ 7500/- രൂപ വരെ ഫീസ് അടച്ച് ലൈസൻസും വാർഷിക വിററുവരവ് 12 ലക്ഷത്തിൽ താഴെയുള്ള സ്ഥാപനങ്ങൾ/വ്യക്തികൾ 100/- രൂപ ഫീസായി അടച്ച് രജിസ്ട്രേഷനും നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ലൈസൻസും രജിസ്ട്രേഷനും ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഈ നിർദ്ദേശം ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | പരിശോധനകൾ കാര്യക്ഷമമായി നടത്തുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; വാഹനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവയുടെ കുറവ് തടസം സൃഷ്ടിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ; | ബി) | പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഭക്ഷ്യ സുരക്ഷാ വകുപ്പ് എല്ലാ ജില്ലകളിലെയും ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ മുഖേന പരിശോധന നടത്തുകയും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ഉത്സവ സീസണുകളായ ഓണം, ക്രിസ്തുമസ്, വിഷു, |

റംസാൻ, ബക്രീദ് തുടങ്ങിയ കാലയളവുകളിലും മറ്റും അതാത് ജില്ലകളിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ച് ജില്ലാതല സ്ക്വാഡുകളും, മറ്റു ജില്ലകളിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിക്കുകയും പ്രസ്തുത സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കുകയും സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ അംഗീകാരമുള്ള ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ടി പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിലവാരമില്ലാത്ത ഉൽപന്നങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വരെ ആർ.ഡി.ഒ കോടതികളിൽ അഡ്ജുഡിക്കേഷൻ ഫയൽ ചെയ്ത് പിഴ ഈടാക്കുകയും ആരോഗ്യത്തിന് ഹാനികരമായ സുരക്ഷിതമല്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെ ഫസ്റ്റ് ക്ലാസ്സ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ ക്രിമിനൽ കേസുകൾ ഫയൽ ചെയ്യുകയും വിധിയുടെ അടിസ്ഥാനത്തിൽ പിഴയും ജയിൽശിക്ഷയും ലഭിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പുതിയതായി തുടങ്ങിയ ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായതോടുകൂടി പരിശോധനകളും തുടർനടപടികളും കൂടുതലായി നടത്തിവരുന്നുണ്ട്;

(സി) ഭക്ഷ്യ സുരക്ഷ വകുപ്പിൽ നിന്ന് സർക്കാരിന് ഏതെങ്കിലും തരത്തിൽ വരുമാനം ലഭിക്കുന്നുണ്ടോ; വകുപ്പ് ആരംഭിച്ചതുമുതൽ ഇതുവരെ ലഭിച്ച വരുമാനം വിശകലനം ചെയ്തിട്ടുണ്ടോ ;എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഭക്ഷ്യ ഉത്പാദന - വിതരണ - സംഭരണ - വിപണന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 നിഷ്കർഷിക്കും പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള ലൈസൻസ്/രജിസ്ട്രേഷൻ ഫീസിനത്തിൽ FLRS (Food Licensing and Registration System) വഴി 2015 ജനുവരി മുതൽ 2018 മെയ് 31 വരെ ഭക്ഷ്യ സുരക്ഷാ വകുപ്പിന് ലഭിച്ചിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ ചുവടെച്ചേർക്കുന്നു.

**<u>ലൈസൻസ്/രജിസ്ട്രേഷൻ</u>**

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1. | 2015 | 565.9 ലക്ഷം |
| 2. | 2016 | 643.75502 ലക്ഷം |
| 3. | 2017 | 923.98861 ലക്ഷം |
| 4. | 2018 (ജൂൺ 11 വരെ) | 606.96861 ലക്ഷം |
| | ആകെ | 27.4061224 കോടി |

**കോമ്പൗണ്ടിംഗ്/ അഡ്ജുഡിക്കേഷൻ**

| ക്രമ നം | ജില്ല | തുക |
|---|---|---|
| 1. | തിരുവനന്തപുരം | 6650000 |
| 2. | കൊല്ലം | 2628000 |
| 3. | പത്തനംതിട്ട | 2763450 |
| 4. | ആലപ്പുഴ | 2600900 |
| 5. | കോട്ടയം | 3072700 |
| 6. | ഇടുക്കി | 2397500 |
| 7. | എറണാകുളം | 3821000 |
| 8. | തൃശ്ശൂർ | 3706050 |
| 9. | പാലക്കാട് | 1763000 |
| 10 | മലപ്പുറം | 1425500 |
| 11 | കോഴിക്കോട് | 724350 |
| 12 | വയനാട് | 4707888 |
| 13 | കണ്ണൂർ | 2055000 |
| 14 | കാസറഗോഡ് | 1591500 |
| | ആകെ | 3.99,06,838 കോടി |

| | | | |
|---|---|---|---|
| ഡി) | ജീവനക്കാരുടെ കുറവുമൂലം വരുമാനം നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ആവശ്യമായ ജീവനക്കാരെ എല്ലാ ജില്ലകളിലും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | ജീവനക്കാരുടെ കുറവുമൂലം വരുമാനം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല. ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ